**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1774

01.11.2019-ൽ മറുപടി നൽകേണ്ടിയിരുന്നത്

**കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമി കെട്ടിട നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | ഡോ. കെ. ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചതെന്ന് വിശദമാക്കുമോ? | 2.6.2014 ലെ സ.ഉ. (എം. എസ്) 228/2014/റവന്യൂ ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ കോഴിക്കോട് സബ് സെന്ററിന് സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിനായി തുരുത്തിയാട് അഴകൊടി ദേവി ക്ഷേത്രത്തിനു സമീപമുള്ള അടഞ്ഞുകിടക്കുന്ന PWD ജില്ലാ ഗോഡൗൺ പരിസരത്ത് ടി എസ് 5-23-1139/2. 54 സെന്റ് സ്ഥലം അനുവദിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത ഭൂമി അഴകൊടി ദേവി ക്ഷേത്രത്തിനു വിട്ടുനൽകണം എന്ന ആവശ്യവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ശ്രീ. ലോഹിതാക്ഷൻ ഫയൽ ചെയ്ത WP(c) 22446/18 നമ്പർ കേസ് കാരണം നിർമ്മാണപ്രവർത്തനങ്ങൾ തടസ്സപ്പെടുകയും ടി കേസിന്റെ 3.9.2018 ലെ വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കളക്ടർ അനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ജന പ്രതിനിധികളുടെ അഭിപ്രായത്തെ തുടർന്ന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി (ULCC) മുഖാന്തിരം അടിയന്തിരമായി നിർവ്വഹിക്കുന്നതിന് നടപടി സ്വീകരിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ